**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2936** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ ഗോത്ര സാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് വാഹനങ്ങൾ ഏർപ്പാടാക്കുന്നതിനുള്ള ചുമതലയും ഇപ്രകാരം ഏർപ്പാടാക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കുകൾ, ഹാജർ പട്ടിക മുതലായവ പരിശോധിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർക്ക് സമർപ്പിക്കേണ്ട ചുമതലയും പ്രഥമാധ്യാപകർക്കാണ്.<br><br>ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിക്കുകയും ശുപാർശയനുസരിച്ച് തുക അനുവദിക്കേണ്ട ചുമതല ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്കുമാണ്.<br><br>ഇപ്രകാരം ഏറനാട് മണ്ഡലത്തിൽ വിദ്യാവാഹിനി (ഗോത്ര സാരഥി) പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിവരവും ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന കുട്ടികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും ഓരോ സ്കൂളുകളിലും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ; | (ബി) | പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് വാഹനങ്ങൾ ഏർപ്പാടാക്കുന്നതിനുള്ള ചുമതലയും ഇപ്രകാരം ഏർപ്പാടാക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കുകൾ, ഹാജർ പട്ടിക മുതലായവ പരിശോധിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർക്ക് സമർപ്പിക്കേണ്ട ചുമതലയും പ്രഥമാധ്യാപകർക്കാണ്.<br><br>ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിക്കുകയും ശുപാർശയനുസരിച്ച് തുക അനുവദിക്കേണ്ട ചുമതല ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്കുമാണ്.<br><br>ഇപ്രകാരം ഏറനാട് മണ്ഡലത്തിൽ വിദ്യാവാഹിനി (ഗോത്ര സാരഥി) പദ്ധതി നടപ്പിലാക്കിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | സ്കൂളുകളുടെ വിവരവും ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന കുട്ടികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (സി) | ചില പ്രദേശങ്ങളിൽ ടാക്സി വാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പ്രദേശങ്ങളിലെ സാഹചര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും നേതൃത്വത്തിൽ നടന്ന മേഖലാ അവലോകനയോഗത്തിൽ ടി വിഷയം പരിഗണിക്കുകയും വിദ്യാവാഹിനി പദ്ധതി സംബന്ധിച്ച പ്രശ്നങ്ങൾ സ്കൂൾ അധികൃതരും രക്ഷിതാക്കളും ബന്ധപ്പെട്ട അധികൃതരും ചർച്ച നടത്തി പ്രശ്നം പരിഹരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്.വെറ്റിലപ്പാറ | 31 |
| 2 | ജി.യു.പി.എസ്. ഓടക്കയം | 44 |
| 3 | ജി.എച്ച്.എസ്. പെരകമണ്ണ | 6 |
| 4 | ജെ.എം.എൽ.പി.എസ്.കിഴക്കേ ചാത്തല്ലൂർ | 7 |
| 5 | ജി.എച്ച്.എസ്.എസ്. കിഴക്കേചാത്തല്ലൂർ | 9 |
| 6 | ജി.എച്ച്.എസ്.എരഞ്ഞിമങ്ങാട് | 55 |
| 7 | ജി.യു.പി.എസ്. എരഞ്ഞിമങ്ങാട് | 43 |
| 8 | ജി.യു.പി.എസ്.മൈലാടി | 5 |
| 9 | ജി.റ്റി.എൽ.എസ്. വളാംതോട് | 9 |
| 10 | ജി.റ്റി.എൽ.എസ്.കോണമുണ്ട | 9 |
| 11 | സെന്റ് തോമസ് എ.യു.പി.എസ്. ഇടിവെണ്ണ | 32 |
| 12 | ജി.എൽ.പി.എസ്. ഇടിവെണ്ണ | 43 |
| 13 | ജി.എൽ.പി.എസ്.പെരുമ്പത്തൂർ | 20 |
| **ആകെ** | | 313 |